ഏഴിക്കര ഗ്രാമപഞ്ചായത്ത്

ഏഴിക്കര പി ഒ , **683513,** എറണാകുളം ജില്ല.

ഫോൺ (0484) 2508475 . (Mail ID-gpezhikkara@gmail.com)

നമ്പർ : ജെ.സി3-39/2023 തീയതി : 26.12.2023

പ്രേഷകൻ
 സെക്രട്ടറി
 ഏഴിക്കര ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്
 സുനിൽകുമാർ
 ഇല്ലത്ത്പ്പറമ്പ്,
 ഏഴിക്കര.

സർ,

വിഷയം : നവകേരള സദസ്സ് മറുപടി നൽകുന്നത് സംബന്ധിച്ച് -

സൂചന : 07.12.2023 തീയതി താങ്കൾ നവകേരള സദസ്സിൽ ബഹു.മുഖ്യമന്ത്രിക്ക് നൽകിയ പരാതി

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ സൂചന പ്രകാരം നവകേരളസദസ്സിൽ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൻമേൽ ഈ ഓഫീസിൽ നിന്നും അന്വേഷണം നടത്തിയിൽ കെട്ടിട നമ്പറിംഗിനായി താങ്കൾ സമർപ്പിച്ച അപേക്ഷ CRZ ബാധകമായതിനാൽ KCZMA യുടെ എറണാകുളം ജില്ലാതല കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 03.02.2022 തീയതിയിൽ പ്രസ്തുത നിർമ്മാണത്തിനുള്ള സ്ഥലം നോൺ ഡവലപ്പ്മെൻറ് സോണിലായതുകൊണ്ട് നിർമ്മാണാനുമതി നൽകാനാവില്ല എന്ന് അറിയിക്കുകയും ചെയ്തിട്ടുള്ളതുമാണ്. 2011 ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻറെ സിആർഇസഡ് നോട്ടിഫിക്കേഷൻ അനുസരിച്ച് പൊക്കാളി പാടത്തിൻറെ 50 മീറ്റർ ദൂരം NDZ ആണ്. എന്നാൽ 2019 ലെ സിആർഇസഡ് നോട്ടിഫിക്കേഷൻ പ്രകാരം പൊക്കാളി പാടങ്ങളിലെ തൂമ്പ് ഇരിക്കുന്ന ബണ്ടാണ് ഉയർന്ന വേലിയേറ്റ രേഖയായി നിർവചിച്ചിട്ടുള്ളത് ഇത് അനുസരിച്ച് പ്ലാൻ തയ്യാറാക്കുന്ന നടപടികൾ സംസ്ഥാന തീരദേശ മാനേജമെൻറ് അതോറിറ്റി ആരംഭിച്ചിട്ടുണ്ട്. ആയത് തയ്യാറാക്കി ദേശീയ തീരദേശ മാനേജ്മെൻറ് അതോറിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് തൂമ്പ് ഇരിക്കുന്ന ബണ്ട് HTL ആയിക്കഴിഞ്ഞാൽ താങ്കളുടെ നിർമ്മാണം പ്രസ്തുത HTL ന് 50 മീറ്ററിന് പുറത്താണെങ്കിൽ അനുവാദം ലഭിക്കുന്നതായിരിക്കും എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

EZHIKKARA GRAMA PANCHAYAT EKM DIST. EZHIKKARA-683513

വിശ്വസ്തതയോടെ,

Secretary
Ezhikkara Grama Panchayat
Ezhikkara P.O. 683513